Australian Government

Department of Health

# മെൽബണിലെ COVID-19 വ്യാപനത്തിൽ നിന്നും ആസ്ത്രേലിയയ്ക്കുള്ള പാഠങ്ങൾ

ഞങ്ങൾ കൂടുതൽ കേസുകൾ പ്രതീക്ഷിച്ചിരുന്നിട്ടു പോലും ഈയിടെ മെൽബണിലെ ചില പ്രദേശങ്ങളിലുണ്ടായ COVID-19 വ്യാപനത്തിലെ വർദ്ധനവ് നിരാശാജനകമാണ്. ഇത് രാജ്യത്തിന് മുഴുവനുമുള്ള പ്രധാനപ്പെട്ട ഒരു ഓർമ്മപ്പെടുത്തലാണ്.

രോഗവ്യാപനത്തിലുണ്ടായ ഈ വർദ്ധനവിൽ നിന്നും നാം പാഠം പഠിക്കേണ്ടത് വളരെ പ്രധാനമാണ്, അല്ലെങ്കിൽ ആസ്ത്രേലിയയിലെമ്പാടും ഇതേ അപകടം കാണേണ്ടതായി വന്നേക്കാം, അത് COVID-19 നെതിരെ നാം ഇതുവരെ കൈക്കൊണ്ട കഠിനമായ പ്രതിരോധ ശ്രമങ്ങളാൽ ലഭിക്കേണ്ടുന്ന നേട്ടങ്ങളെ അപകടപ്പെടുത്തിയേക്കാം.

ഞാൻ അടിവരയിട്ടുപറയാനുദ്ദേശിക്കുന്ന പ്രധാന സന്ദേശം, COVID-19 പ്രതിരോധിക്കുന്നതിൽ നാം വിജയിച്ചിട്ടുപോലും, മഹാമാരി വ്യാപിച്ചു തുടങ്ങുന്നതിനു മുൻപ്  ആസ്ത്രേലിയയിൽ ജീവിച്ചിരുന്ന അതേ രീതികളിലേക്ക് തിരിച്ചുപോകാനുള്ള ഒരു ഘട്ടത്തിൽ അല്ല നാം ഇപ്പോഴുള്ളത് എന്നതാണ്. വൈറസ് ഇപ്പോഴും നമ്മോടൊപ്പമുണ്ട്, അതിനിയും കുറച്ചുകാലം കൂടെ ഉണ്ടായിരിക്കുകയും ചെയ്യും – അന്താരാഷ്ട്ര തലത്തിലും സ്ഥിതിഗതികൾ മെച്ചപ്പെടുകയല്ല, മറിച്ച് മോശമായിക്കൊണ്ടിരിക്കുകയാണ്.

നാം ശാരീരിക അകലം പാലിക്കുന്നതും, നല്ല ശുചിത്വം പാലിക്കുന്നതും, അസുഖമുള്ളപ്പോൾ വീട്ടിൽ തന്നെ കഴിയുന്നതുമെല്ലാം തുടർന്ന് പാലിക്കാതിരുന്നാൽ രോഗവ്യാപനം വീണ്ടും പൊട്ടിപ്പുറപ്പെടാൻ എത്രെളുപ്പമാണ് എന്നതിന് വിക്ടോറിയയിൽ രോഗവ്യാപനത്തിൽ ഉണ്ടായ വർദ്ധനവ് തന്നെ ഉദാഹരണമാണ്. COVIDSafe ആപ്പ് ഡൗൺലോഡ് ചെയ്യേണ്ടതിന്റെ പ്രാധാന്യത്തെയും അത് നമ്മെ ഓർമ്മിപ്പിക്കുന്നു, എങ്കിൽ മാത്രമേ COVID-19 ബാധിച്ചുവെന്ന് സ്ഥിരീകരിക്കപ്പെട്ടവരുമായി അടുത്ത് ഇടപഴകുന്നവരെയും മറ്റും ആരോഗ്യവകുപ്പ് അധികൃതർക്ക് പെട്ടെന്ന് കണ്ടെത്താൻ കഴിയൂ.

ഈ "ഡിസീസ് ഡിറ്റക്ടീവുമാർക്ക്" എത്ര പെട്ടെന്ന് അത്തരം അടുത്തിടപഴകുന്നവരെ കണ്ടെത്താൻ കഴിയുന്നുവോ അത്രയും പെട്ടെന്ന് അവർക്ക് വൈറസ് വ്യാപിക്കുന്നതിനെയും തടുക്കാൻ കഴിയും.

മെൽബണിലെ രോഗവ്യാപന വർദ്ധനവിൽ നിന്നും നാം എന്ത് പാഠമാണ് പഠിച്ചത്? പുതിയ കേസുകളിൽ ഭൂരിഭാഗവും കുടുംബ കൂട്ടായ്മകളുമായി ബന്ധപ്പെട്ടതാണ്.

ഇതിൽ നിന്നും നാം എന്തു മനസ്സിലാക്കണം? ചില ആസ്ത്രേലിയക്കാർ ഇനിയും COVID-19 അവരുടെ കുടുംബാംഗങ്ങൾ ഉൾപ്പെടെയുള്ള അടുത്തറിയാവുന്നവർക്ക് അപകടം വരുത്തുമെന്ന കാര്യം അംഗീകരിക്കുന്നില്ലെന്നു തോന്നിപ്പോകും.

COVID-19-നെതിരെയുള്ള കർശന നടപടികളിൽ ഇളവ് വരുത്തിയതോടെ കൂടുതൽ പേർക്ക് വീടുകളിലും, ഹോട്ടലുകളിലും, റെസ്റ്റോറന്റുകളിലുമുള്ള വേദികളിൽ വച്ച് കണ്ടുമുട്ടാനുള്ള അവസരം ലഭിച്ചു, ചില ആസ്ത്രേലിയക്കാരാകട്ടെ സുരക്ഷിതമായ ശാരീരിക അകലം പോലും പാലിക്കാതെയാണ് മറ്റുള്ളവരുമായി ഇടപഴകുന്നത്. ഇത് COVID-19 നെതിരെ ദുർബലമായ പ്രതിരോധശേഷി മാത്രമുള്ള വീട്ടിലെ പ്രായം ചെന്ന അംഗങ്ങളെയും, വിപുലമായ സമൂഹത്തെയും അപകടത്തിലാക്കും.

അതിനാൽ താങ്കൾ ആരുടെയെങ്കിലും വീട്ടിലോ അല്ലെങ്കിൽ ഏതെങ്കിലും വേദിയിലോ സുഹൃത്തുക്കളോടൊപ്പം തിന്നുകയോ കുടിക്കുകയോ ഒക്കെ ചെയ്യുന്ന സമയത്ത് സുരക്ഷിതമായ ശാരീരിക അകലം പാലിക്കുന്നുവെന്ന് സദാ ഉറപ്പുവരുത്തേണ്ടത് വളരെ നിർബന്ധമാണ്.

ഈ പ്രധാനപ്പെട്ട സന്ദേശം താങ്കളുടെ കുടുംബാംഗങ്ങൾ, സുഹൃത്തുക്കൾ, അയൽക്കാർ എന്നിവരുമായും കൂടാതെ നിങ്ങളുടെ സമൂഹവും ബിസിനസ് നെറ്റ്‌വർക്കുകളും വഴിയും പങ്കുവെയ്ക്കാൻ ഞാൻ അഭ്യർത്ഥിക്കുന്നു.

Australian Government

Department of Health

വിക്ടോറിയയിൽ രോഗവ്യാപനത്തിൽ ഉണ്ടായ വർദ്ധനവ് നമ്മെ ഓർമ്മിപ്പിക്കുന്ന കാര്യം ശാരീരിക അകലവും, വ്യക്തി ശുചിത്വവും പാലിക്കുന്നതിനെക്കുറിച്ചുള്ള പ്രധാനപ്പെട്ട സന്ദേശങ്ങൾ ലഭിക്കുന്നതിന് ഇംഗ്ലീഷ് പ്രധാന ഭാഷയല്ലാത്തവർ താമസിക്കുന്നിടങ്ങളിലുള്ളവരും COVIDSafe ആപ്പ് ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കണമെന്നാണ്.

നമ്മുടെ സാംസ്കാരികവൈവിധ്യമാർന്ന ജനതയെ COVID-19 മഹാമാരിയെക്കുറിച്ചുള്ള വിവരങ്ങൾ യഥാസമയം അറിയിക്കാനുള്ള പരിശ്രമങ്ങൾ പുരോഗമിച്ചുവരുന്നു.

ഉദാഹരണത്തിന്, വ്യക്തികളെയും, കുടുംബങ്ങളെയും, ബിസിനസ് സ്ഥാപനങ്ങളെയും സഹായിക്കാൻ വേണ്ടിയുള്ള വിവരങ്ങൾ 63 ഭാഷകളിലേക്ക് വിവർത്തനം ചെയ്തിട്ടുണ്ട്.

ഈ ആപ്പ് തുടങ്ങിയതിനു ശേഷം ഇതുവരെയായി *താങ്കളുടെ ഭാഷയിലുള്ള വിവരങ്ങൾക്ക്* 900,000 ലധികം യുനീക് പേജ് വ്യൂകളാണ് ലഭിച്ചിരിക്കുന്നത്.

രാജ്യത്തെമ്പാടും മഹാമാരി പടരാൻ തുടങ്ങിയതിനു ശേഷം ഇതുവരെ കോമൺവെൽത്ത് ഡിപ്പാർട്ട്മെന്റ് ഓഫ് ഹോം അഫയേഴ്സ് അതിന്റെ കമ്യൂണിറ്റി ലിയേസൺ ഓഫീസർമാരിലൂടെ സാംസ്കാരിക വൈവിധ്യമാർന്ന ജനതകളുടെ ഗ്രൂപ്പുകളെ 4300-ലധികം തവണ ബന്ധപ്പെട്ടിട്ടുണ്ട്.

ഇതിനും പുറമെ, ചിലർ അവർക്ക് അനാവശ്യമായി COVID-19 പരിശോധനകൾ നടത്തിയേക്കുമോ എന്ന് ഭയക്കുന്നുവെന്ന് വ്യക്തമായിട്ടുണ്ട്. പ്രിയപ്പെട്ടവരേ, ചില കാര്യങ്ങളിൽ ഞാൻ നിങ്ങൾക്ക് ഉറപ്പു തരികയാണ്: ആസ്ത്രേലിയൻ സർക്കാരിന്റെ ധനനിർവഹണത്തിലുള്ള GP-led Respiratory Clinic തികച്ചും സൗജന്യമാണ് – അതിന് നിങ്ങൾക്ക് ഒരു മെഡികെയർ കാർഡ് ഉണ്ടായിരിക്കണം എന്നുമില്ല.

COVID-19-നെ പരാജയപ്പെടുത്താൻ ഇനിയും ഏറെദൂരം പോകേണ്ടതുണ്ട്, ഇത് നമ്മുടെ ആത്മസംതൃപ്തിക്കുള്ള സമയമല്ല. ദയവായി ശാരീരിക അകലവും നല്ല ശുചിത്വവും പാലിക്കുന്നത് തുടരുക. വീണ്ടും ഓർമ്മിപ്പിക്കുന്നു, സുഖമില്ലെന്ന് തോന്നിയാൽ ദയവായി വീട്ടിൽ തന്നെ കഴിയുക.

**Alison McMillan**

ആസ്ത്രേലിയൻ ഗവൺമെന്റ് ചീഫ് നേഴ്സിംഗ് ആൻഡ് മിഡ്വൈഫറി ഓഫീസർ